പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 252

# 2025-ലെ കേരള കസ്റ്റഡി വാഹനങ്ങളുടെ സംരക്ഷണവും ഉപയോഗവും പരിപാലനവും ഉറപ്പാക്കൽ ബിൽ.

(ശ്രീ. നജീബ് കാന്തപുരം, എം. എൽ. എ. നോട്ടീസ് നൽകിയത്)

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 252

**2025-ലെ കേരള കസ്റ്റഡി വാഹനങ്ങളുടെ സംരക്ഷണവും ഉപയോഗവും പരിപാലനവും ഉറപ്പാക്കൽ ബിൽ.**

(ശ്രീ. നജീബ് കാന്തപുരം, എം. എൽ. എ. നോട്ടീസ് നൽകിയത്)

655/2025.

# 2025-ലെ കേരള കസ്റ്റഡി വാഹനങ്ങളുടെ സംരക്ഷണവും ഉപയോഗവും പരിപാലനവും ഉറപ്പാക്കൽ ബിൽ

( ശ്രീ. നജീബ് കാന്തപുരം എം.എൽ.എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളും കാര്യാലയങ്ങളും വിവിധ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടതുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലെടുക്കുന്ന വാഹനങ്ങൾ കസ്റ്റഡിയിൽ കിടന്ന് നശിച്ച് പോവുന്ന സാഹചര്യം ഇല്ലാതെയാക്കി, പ്രസ്തുത വാഹനങ്ങൾ സംരക്ഷിക്കപ്പെടുകയും ഉപയോഗിക്കപ്പെടുകയും പരിപാലിക്കപ്പെടുകയും ചെയ്യുന്നകാര്യം വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—വിവിധ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ പോലീസ്, റവന്യൂ, എക്സൈസ്, വനം, മോട്ടോർ വാഹനം തുടങ്ങിയ വകുപ്പുകൾ കസ്റ്റഡിയിലെടുക്കുന്ന വാഹനങ്ങൾ, ദീർഘകാലം കസ്റ്റഡിയിൽ കിടന്ന് നശിച്ച് പോവുന്ന സാഹചര്യം ഇല്ലാതെയാക്കി, പ്രസ്തുത വാഹനങ്ങൾ സംസ്ഥാന സർക്കാരിന്റെ പരിപൂർണ്ണമായ നിരീക്ഷണത്തിൽ ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യകത അനിവാര്യമായി തീർന്നിരിക്കുന്നതിനാൽ;

ഭാരത റിപ്പബ്ലിക്കിന്റെ 76-ാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:-

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള കസ്റ്റഡി വാഹനങ്ങളുടെ സംരക്ഷണവും ഉപയോഗവും പരിപാലനവും ഉറപ്പാക്കൽ ആക്ട് എന്ന് വിളിക്കാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾ സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) കുറ്റകൃത്യം: രാജ്യത്ത് നിലനിൽക്കുന്ന നിയമവ്യവസ്ഥകൾക്ക് വിരുദ്ധമായ പ്രവർത്തനങ്ങളിലും വ്യവഹാരങ്ങളിലും പങ്കെടുക്കുകയോ ഉൾപ്പെടുകയോ ചെയ്യുത് എന്നർത്ഥമാവുന്നു.

(ബി) സർക്കാർ: സർക്കാർ എന്നാൽ കേരള സർക്കാർ എന്നാണ് അർത്ഥമാക്കുന്നത്.

(സി) വകുപ്പ്: വകുപ്പ് എന്നാൽ കേരള സർക്കാരിന് കീഴിലുള്ള പോലീസ്, എക്സൈസ്, വനം, റവന്യൂ, മോട്ടോർ വാഹനം തുടങ്ങിയ വകുപ്പുകൾ എന്നാണ് അർത്ഥമാക്കുന്നത്.

(ഡി) കസ്റ്റഡി വാഹനങ്ങൾ: കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ കസ്റ്റഡിയിലെടുത്ത് സ്വന്തം സംരക്ഷണത്തിൽ സൂക്ഷിക്കുന്ന വാഹനങ്ങൾ എന്നതാണ് അർത്ഥമാക്കുന്നത്.

(ഇ) നിരീക്ഷണത്തിൽ: നിരീക്ഷണത്തിൽ എന്നാൽ പൂർണ്ണ തോതിലുള്ള ഉത്തരവാദിത്തത്തിൽ  എന്നതാണ് അർത്ഥമാക്കുന്നത്

(എഫ്) അതോറിറ്റി:അതോറിറ്റി എന്നാൽ ഈ ആക്റ്റിലെ 3-ാം  വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അതോറിറ്റി എന്നർത്ഥമാകുന്നു.

3. <u>അതോറിറ്റി രൂപീകരണവും പേരും</u>.—(എ) സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്ടിന് കീഴിൽ അതിന് നൽകിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവഹിക്കുന്നതിനുമായി 2025-ലെ കേരള കസ്റ്റഡി വാഹനങ്ങളുടെ സംരക്ഷണവും ഉപയോഗവും പരിപാലനവും ഉറപ്പാക്കുന്നതിനുള്ള ഒരു അതോറിറ്റി രൂപീകരിക്കേണ്ടതാണ്.

വിവിധ കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന വാഹനങ്ങൾ കേരള സർക്കാരിന് കീഴിലുള്ള പോലീസ്, എക്സൈസ്, വനം, റവന്യൂ, മോട്ടോർ വാഹനം തുടങ്ങിയ വകുപ്പുകൾ കസ്റ്റഡിയിൽ എടുക്കാറുണ്ട്. ഇത്തരത്തിൽ കസ്റ്റഡിയിലെടുക്കുന്ന വാഹനങ്ങൾ വിട്ടു നൽകുന്നതിനും സംരക്ഷിക്കുന്നതിനും കുറ്റകൃത്യങ്ങളുടെ സ്വഭാവമനുസരിച്ച് വിവിധ വകുപ്പുകൾക്ക് വ്യത്യസ്ത രീതിയിലുള്ള നിയമ നടപടികളാണ് നിലവിലുള്ളത്. ഈ സാഹചര്യത്തിൽ കസ്റ്റഡി വാഹനങ്ങളുടെ സംരക്ഷണവും പരിപാലനവും ഉപയോഗവും ഉറപ്പാക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥ പ്രതിനിധികളെയും സർക്കാർ നിർദ്ദേശിക്കുന്ന മൂന്ന് നിയമസഭാംഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള അതോറിറ്റി സംസ്ഥാന തലത്തിൽ രൂപീകരിക്കാവുന്നതാണ്.

(ബി) പ്രസ്തുത അതോറിറ്റിക്ക് 2025-ലെ കേരള കസ്റ്റഡി വാഹനങ്ങളുടെ സംരക്ഷണവും ഉപയോഗവും പരിപാലനവും മാനേജ്മെന്റ് അതോറിറ്റി എന്ന് നാമകരണം ചെയ്യാവുന്നതാണ്.

4. ജീവനക്കാരുടെ നിയമനം.—അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ജീവനക്കാരെ വിവിധ വകുപ്പുകളിൽ നിന്നും പുനർവിന്യസിക്കുകയോ സർക്കാരിന് യുക്തമെന്ന് തോന്നുന്ന പക്ഷം ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നിയമിക്കുകയോ ചെയ്യാവുന്നതാണ്.

5. അതോറിറ്റിയിലെ അംഗങ്ങൾ.—അതോറിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(എ) ആഭ്യന്തരം, ഗതാഗതം, എക്സൈസ്, വനം, റവന്യൂ എന്നീ ഏതെങ്കിലും ഒരു വകുപ്പിന് നേതൃത്വം നൽകുന്ന ഒരു മന്ത്രി അതോറിറ്റിയിൽ അംഗമായിരിക്കേണ്ടതാണ്.

(ബി) സർക്കാർ നിർദേശിക്കുന്ന മൂന്ന് നിയമസഭാംഗങ്ങൾ അതോറിറ്റിയിൽ അംഗങ്ങളായിരിക്കേണ്ടതാണ്.

(സി) പോലീസ്, എക്സൈസ്, വനം, റവന്യൂ, മോട്ടോർ വാഹനം എന്നീ വകുപ്പുകളിൽ നിന്നുള്ള സംസ്ഥാന തലത്തിലെ മുതിർന്ന ഉദ്യോഗസ്ഥനോ, അതാത് വകുപ്പ് മേധാവികൾ ചുമതലപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥനോ അതോറിറ്റിയിൽ അംഗമായിരിക്കേണ്ടതാണ്.

6. തലവനും നോഡൽ ഓഫീസറും ആസ്ഥാനവും അംഗങ്ങളുടെ കാലാവധിയും.—(എ) അതോറിറ്റിയിൽ അംഗമായ, സർക്കാർ നിർദേശിക്കുന്ന മന്ത്രി അതോറിറ്റിയുടെ ചെയർമാനും, സർക്കാർ നിയമിക്കുന്ന സമിതിയിലെ ഒരു ഉദ്യോഗസ്ഥ പ്രതിനിധി സമിതിയുടെ നോഡൽ ഓഫീസറും ആയിരിക്കണം.

(ബി) അതോറിറ്റിയുടെ ആസ്ഥാനം തിരുവനന്തപുരത്ത് ആയിരിക്കും.

(സി) സംസ്ഥാന തലത്തിൽ അതോറിറ്റിയുടെ തലവൻ ആഭ്യന്തരം, ഗതാഗതം, റവന്യൂ, എക്സൈസ്, വനം എന്നീ ഏതെങ്കിലും ഒരു വകുപ്പ് മന്ത്രി ആയിരിക്കണം.

(ഡി) അതോറിറ്റിയുടെ സംസ്ഥാന തലത്തിലെ നോഡൽ ഓഫീസർ ആഭ്യന്തരം, ഗതാഗതം, റവന്യൂ, എക്സൈസ്, വനം, എന്നീ ഏതെങ്കിലും ഒരു വകുപ്പിലെ സെക്രട്ടറി ആയിരിക്കണം.

(ഇ) അംഗങ്ങളായവരുടെ കാലാവധി, അവർ അപ്രകാരമുള്ള ഔദ്യോഗിക സ്ഥാനം വഹിക്കുന്ന കാലത്തോളം മാത്രമായിരിക്കും.

7. ജീവനക്കാരുടെ നിയമനം.—സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടെയും അംഗീകാരത്തോടെയും അതോറിറ്റിക്ക് അതിന്റെ ചുമതലകളും കർത്തവ്യങ്ങളും കാര്യക്ഷമമായി നിർവഹിക്കുന്നതിന് ആവശ്യമായി വരുന്ന ജീവനക്കാരെ ദിവസ വേതനാടിസ്ഥാനത്തിലോ സംസ്ഥാന സർക്കാർ സർവീസിൽ നിന്നും അന്യത്രസേവന വ്യവസ്ഥയിലോ നിയമിക്കാവുന്നതാണ്.

8. അതോറിറ്റിയുടെ കടമകളും കർത്തവ്യങ്ങളും.—(എ) വിവിധ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾക്ക് കീഴിലുള്ള ഓഫീസുകളിൽ ദീർഘകാലമായി കസ്റ്റഡിയിലെടുത്ത് സൂക്ഷിച്ചിട്ടുള്ള വാഹനങ്ങൾ നശിച്ച് ഉപയോഗശൂന്യമാവുന്നത് ഒഴിവാക്കുന്നതിന്, നിശ്ചിത കാലയളവിന് ശേഷം ലേലം ചെയ്തോ ദിവസ വേതന അടിസ്ഥാനത്തിലോ പൊതുജനങ്ങൾക്കോ, അല്ലെങ്കിൽ വാഹന ഉടമക്കോ കരാർ അടിസ്ഥാനത്തിൽ ഉപയോഗിക്കാൻ നൽകുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നതാണ് അതോറിറ്റിയുടെ കർത്തവ്യം.

(ബി) കസ്റ്റഡി വാഹനങ്ങൾ നടപടിക്രമങ്ങൾ പൂർത്തിയാക്കി ലേലം ചെയ്യുകയോ, മതിപ്പ് വില കണക്കായി പ്രസ്തുത തുക സർക്കാരിലേക്ക് അടപ്പിക്കുകയോ ചെയ്ത ശേഷം വാഹനം ഉപയോഗത്തിനായി വിട്ട നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നടത്തുക.

9. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(എ) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിന് വേണ്ടി, സർക്കാരിന് വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(ബി) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയതിന് ശേഷം കഴിയുന്നത്ര വേഗം നിയമസഭാ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭ ആ ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനു ശേഷം അതത് സംഗതി പോലെ അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാണ്. എന്നിരുന്നാലും അങ്ങിനെയുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

വിവിധ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ പോലീസ്, റവന്യൂ, എക്സൈസ്, വനം, മോട്ടോർ വാഹനം എന്നീ വകുപ്പുകൾ കസ്റ്റഡിയിലെടുക്കുന്ന വാഹനങ്ങൾ, ദീർഘകാലം കസ്റ്റഡിയിൽ കിടന്ന് നശിച്ചു പോവുന്ന സാഹചര്യം നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. ഇങ്ങിനെ കസ്റ്റഡിയിലെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കാനോ സംരക്ഷിക്കുവാനോ സർക്കാർ ഓഫീസുകളിൽ സ്ഥലസൗകര്യം പോലുമില്ല. സ്ഥലസൗകര്യങ്ങളുടെ പരിമിതി മൂലം പിടിക്കപ്പെടുന്ന വാഹനങ്ങൾ സർക്കാർ ഓഫീസുകളുടെ മുറ്റത്തും വളപ്പിലും പൊതുനിരത്തുകളുടെ ഓരങ്ങളിലുമാണ് നിലവിൽ സൂക്ഷിച്ചു വരുന്നത്. ഇത് മൂലം സർക്കാർ ഓഫീസ് പരിസരങ്ങൾ വൃത്തിഹീനമാവുന്ന സാഹചര്യമാണ് നിലവിലുള്ളത്.

അതോടൊപ്പം വിവിധ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലെടുക്കുന്ന വാഹനങ്ങൾ ദീർഘകാലം കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടി വരുന്നതോടെ വാഹനങ്ങൾ തുരുമ്പെടുത്ത് നശിക്കുകയും ഉപയോഗ ശൂന്യമാവുകയുമാണ്. ഇത്തരത്തിൽ വാഹനങ്ങൾ നശിച്ചു പോവുന്നത് വാഹന ഉടമയുടെയും സ്റ്റേറ്റിന്റെയും നഷ്ടമായി കണക്കാക്കണം. ഇത്തരം വാഹനങ്ങൾ നിശ്ചിത കാലം കഴിഞ്ഞതിന് ശേഷവും തീർപ്പാക്കി വാഹന ഉടമക്ക് വിട്ടു നൽകാൻ പറ്റാത്ത സാഹചര്യത്തിൽ, കസ്റ്റഡി വാഹനങ്ങൾ നശിച്ചു പോവുന്ന സാഹചര്യം ഇല്ലാതാക്കുന്നതിന് 2025-ലെ കേരള കസ്റ്റഡി വാഹനങ്ങളുടെ സംരക്ഷണവും ഉപയോഗവും പരിപാലനവും ഉറപ്പാക്കൽ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതോടെ സാധ്യമാകും.

നിശ്ചിത സമയത്തിന് ശേഷം കസ്റ്റഡി വാഹനങ്ങൾ ലേലം ചെയ്തോ, കരാർ, വാടക അടിസ്ഥാനത്തിലോ പൊതുജനങ്ങൾക്ക് വിട്ടു നൽകിയാൽ, ആർക്കും ഉപയോഗപ്പെടാതെ കസ്റ്റഡി വാഹനങ്ങൾ നശിച്ചു പോവുന്ന സാഹചര്യം ഇല്ലാതെയാക്കാം. ഇതേ വ്യവസ്ഥയിൽ കസ്റ്റഡി വാഹനങ്ങൾ സർക്കാർ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും വിട്ടു നൽകാവുന്നതാണ്. കസ്റ്റഡി വാഹനത്തിന്റെ മതിപ്പ് വില കണക്കാക്കി പ്രസ്തുത തുക സർക്കാരിൽ കെട്ടി വെച്ച് വാഹനം ഉടമക്ക് വിട്ടു നൽകാവുന്നതാണ്. സർക്കാർ ആവശ്യങ്ങൾക്കും, പൊതുജനങ്ങൾക്കും വിട്ടു നൽകുന്നതിൽ നിന്നും ലഭിക്കുന്ന തുക മേൽപ്പറഞ്ഞ വാഹനത്തിന് എന്തെങ്കിലും പിഴ ചുമത്തപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത പിഴ അടവിലേക്കും മാറ്റാവുന്നതാണ്.

വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മാത്രമേ ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിലുള്ള ഏകോപനത്തിന് വേണ്ടി ഒരു അതോറിറ്റി രൂപീകരിക്കുകയാണ് ഈ ബിൽ കൊണ്ട് ലക്ഷ്യമിടുന്നത്. ഇക്കാര്യങ്ങൾ അടിയന്തിരമായി പരിഗണിച്ച് കസ്റ്റഡി വാഹനങ്ങളുടെ സംരക്ഷണവും ഉപയോഗവും പരിപാലനവും ഉറപ്പാക്കേണ്ടത് സർക്കാരിന്റെ കർത്തവ്യമാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ വേണ്ടി ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

2025-ലെ കേരള കസ്റ്റഡി വാഹനങ്ങളുടെ സംരക്ഷണവും ഉപയോഗവും പരിപാലനവും മാനേജ്മെന്റ് അതോറിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുമ്പോൾ മാത്രമേ ഇതിനു വേണ്ടി വരുന്ന സാമ്പത്തിക ബാധ്യത എത്രയെന്ന് കാണക്കാക്കുവാൻ സാധിക്കുകയുള്ളൂ. എങ്കിലും അതോറിറ്റിയുടെ പ്രാരംഭ ചെലവുകൾക്കായി 2 കോടി രൂപ സഞ്ചിത നിധിയിൽ നിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്. സഭക്ക് അത് അംഗീകരിക്കുവാനോ റദ്ദ് ചെയ്യുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ ഉള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചു കൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തിലുള്ളതാണ്.

നജീബ് കാന്തപുരം എം.എൽ.എ.